2012-13-ൽ ആരംഭിക്കുകയും സംസ്ഥാനത്തെ ഓരോ ജില്ലയിലെയും എല്ലാ പഞ്ചായത്തുകളിലും മൈക്രോലെവൽ സോയിൽ ഇൻഫർമേഷൻ സിസ്റ്റം സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിച്ചുവരുന്നു. ഇതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ വയനാട്, തൃശ്ശൂർ ജില്ലകളിൽ പഞ്ചായത്തുതലത്തിൽ കഡസ്ട്രൽ മാപ്പുകൾ ഉപയോഗിച്ച് ഫീൽഡ് തലത്തിലുള്ള വിശദ മണ്ണുപര്യവേക്ഷണം പൂർത്തീകരിക്കുകയും, മണ്ണ് സാമ്പിളുകളുടെ ശാസ്ത്രീയമായ രാസഭൗതിക പരിശോധനകൾ സോയിൽ സർവ്വേ വകുപ്പിന്റെ സോയിൽ അനലിറ്റിക്കൽ ലബോറട്ടറികളിൽ പൂർത്തീകരിക്കുകയും ചെയ്തു. ഫീൽഡ്തല വിവരങ്ങളും ലബോറട്ടറി പരിശോധനാ ഫലങ്ങളും സമന്വയിപ്പിച്ചും അപഗ്രഥിച്ചും കാർട്ടോഗ്രാഫി ലബോറട്ടറിയിലെയും ജിയോമാറ്റിക്സ് ലാബിലേയും ആധുനിക സൗകര്യങ്ങൾ (ജി.ഐ.എസ്., ജി.പി.എസ്. റിമോട്ട് സെൻസിംഗ് മുതലായവ) ഉപയോഗിച്ച് ഓരോ പഞ്ചായത്തിന്റെയും സോയിൽ മാപ്പുകൾ, ലാന്റ് ഇറിഗബിലിറ്റി മാപ്പുകൾ, പ്രധാന മൂലകങ്ങളുടെയും സൂക്ഷ്മ മൂലകങ്ങളുടെയും അളവ് കാണിക്കുന്ന മാപ്പുകൾ നെൽവയലിന്റെ വിസ്തൃതി, നെൽവയൽ നികത്തിയത് എന്നിവ കാണിക്കുന്ന മാപ്പുകൾ എന്നിവ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലുമാണ്. തൃശ്ശൂർ ജില്ലയിൽ 88 പഞ്ചായത്തുകളുടെയും വയനാട് ജില്ലയിൽ 25 പഞ്ചായത്തുകളുടെയും ഒരു മുനിസിപ്പാലിറ്റിയുടെയും വിശദ മണ്ണ് പര്യവേക്ഷണം പൂർത്തീകരിക്കുകയും, മൈക്രോലെവൽ സോയിൽ ഇൻഫർമേഷൻ സിസ്റ്റത്തിന്റെ രണ്ടാം ഘട്ടമായി ഇടുക്കി, മലപ്പുറം ജില്ലകളുടെ വിശദ മണ്ണ് പര്യവേക്ഷണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ**

222 (3509) ശ്രീ. വി. ടി. ബൽറാം :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത് വിശദമാക്കുമോ ;

(ബി) ഏത്ര പദ്ധതികളിലായാണ് പ്രസ്തുത പ്രവർത്തനങ്ങൾ നടന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിലെ കേന്ദ്ര സംസ്ഥാന പദ്ധതികൾ എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) നബാർഡിന്റെ എന്തെല്ലാം ധനസഹായങ്ങളാണ് ഇതിൽ ലഭിച്ചത് ; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ വിവിധ മണ്ണ ജല സംരക്ഷണ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. നബാർഡ് ധനസഹായത്തോടെയുള്ള നീർത്തട പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതി (ആർ.ഐ.ഡി.എഫ്.)
2. പ്രധാനമന്ത്രിയുടെ പ്രത്യേക പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിലെ നബാർഡ് ധനസഹായ ചെക്ക് ഡാം പദ്ധതി.
3. കുട്ടനാട്, മേൽകുട്ടനാട്, ഓണാട്ടുകര പ്രദേശങ്ങളിലെ കാർഷിക ദുരവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനുള്ള പാരിസ്ഥിതിക പുനരുജ്ജീവന പദ്ധതി.
4. ഇടുക്കി ജില്ലയിലെ വട്ടവട കാന്തല്ലൂർ പഞ്ചായത്തുകളിലെ ശീതകാല പഴം പച്ചക്കറികളുടെ ഉല്പാദന വർദ്ധനവിനായുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതി.
5. വയനാട്, പാലക്കാട്, തൃശ്ശൂർ, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിലെ പ്രത്യേക ദുർബല ഗോത്രവിഭാഗ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പാരിസ്ഥിതിക പുനരുജ്ജീവന പദ്ധതി.
6. ശാസ്താംകോട്ട, അരുവിക്കര ശുദ്ധജല പദ്ധതികളുടെ വൃഷ്ടി പ്രദേശങ്ങളുടെ സംരക്ഷണത്തിനായുള്ള പദ്ധതി
7. ഉരുൾപൊട്ടൽ ബാധിത/സാദ്ധ്യതാ പ്രദേശങ്ങളുടെ ബലപ്പെടുത്തൽ/ പുനരുദ്ധാരണ പദ്ധതി.
8. കബനി നദീതട സംരക്ഷണ പദ്ധതി (ആർ.വി.പി.)

LIBRARY ARCHIVES Kerala Legislative Assembly

9. രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ.) പ്രോഗ്രാമിലുള്ള പദ്ധതി.

10. ദേശീയ നീർത്തട വികസന പദ്ധതി (NWDPRA)

ഈ പദ്ധതികളിലൂടെ പ്രദേശത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് കാർഷിക, കാർഷികേതര ഭൂമിയുടെയും നീർച്ചാലുകളുടേയും സംരക്ഷണം ഉറപ്പുവരുത്തുന്നതിനും ഭൂഗർഭ ജലവിതാനം ഉയർത്തുവാൻ തത്സ്ഥല ജല സംരക്ഷണത്തിന് പ്രാധാന്യം നൽകിക്കൊണ്ടുമുള്ള വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളായ മണ്ണ് കയ്യാല, കല്ലുകയ്യാല, മഴക്കുഴികൾ, ചെറുകുളങ്ങൾ, പുൽവരമ്പ് വച്ചു പിടിപ്പിക്കൽ, വേദികകൾ, കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം, കിണർ നിർമ്മാണം, വിവിധതരം തടയണകൾ, പാർശ്വഭിത്തികൾ, മഴ വെള്ള സംഭരണികൾ, പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള റാമ്പ്, സ്ലൂയിസ്, വെന്റഡ് ക്രോസ്ബാർ തുടങ്ങി നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

(ബി) 10 പദ്ധതികളിലാണ് പ്രസ്തുത പ്രവർത്തനങ്ങൾ നടത്തിവരുന്നത്. വിശദാംശങ്ങൾ അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു*.

(സി) ഇതിൽ 5 എണ്ണം സംസ്ഥാന സർക്കാർ പദ്ധതികളും 5 എണ്ണം കേന്ദ്ര സർക്കാർ പദ്ധതികളുമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

<u>സംസ്ഥാന പദ്ധതികൾ</u>

1. നീർത്തട വികസനം, പാടശേഖരങ്ങളുടെ അടിസ്ഥാൻസൗകര്യ വികസനം (നബാർഡ് ധനസഹായ പദ്ധതി)

2. ഉരുൾപൊട്ടൽ ബാധിത/സാദ്ധ്യതാ പ്രദേശങ്ങളുടെ ബലപ്പെടുത്തൽ/ പുനരുദ്ധാരണ പദ്ധതി

3. കാന്തല്ലൂർ, വട്ടവട പഞ്ചായത്തുകളിലെ ശീതകാല പഴം, പച്ചക്കറി വിളകളുടെ ഉല്പാദനം വർദ്ധിപ്പിക്കുവാനുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

4. പ്രധാനമന്ത്രിയുടെ പ്രത്യേക പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിലെ കാർഷിക ദുരവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനായുള്ള നബാർഡ് ധനസഹായ ചെക്ക് ഡാം പദ്ധതി.

5. ശാസ്താംകോട്ട, അരുവിക്കര ശുദ്ധജല പദ്ധതികളുടെ വൃഷ്ടി പ്രദേശങ്ങളുടെ സംരക്ഷണം.

കേന്ദ്ര പദ്ധതികൾ

1. കുട്ടനാട്, മേൽകുട്ടനാട്, ഓണാട്ടുകര പ്രദേശങ്ങളിലെ കാർഷിക ദുരവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനുള്ള പാരിസ്ഥിതിക പുനരുജ്ജീവന പദ്ധതി (കുട്ടനാട് പാക്കേജ്) 13-ാം ധനകാര്യ കമ്മീഷന്റെ ധനസഹായം.

2. ദേശീയ നീർമറി വികസന പദ്ധതി (NWDPRA)

3. രാഷ്ട്രീയ കൃഷി വികസന പദ്ധതി (ആർ.കെ.വി.വൈ)

4. കബനി നദീതട വികസന പദ്ധതി (ആർ.വി.പി.)

5. പ്രത്യേക ദുർബല ഗോത്ര വിഭാഗങ്ങളുടെ സങ്കേതങ്ങളിലെ പാരിസ്ഥിതിക പുനരുജ്ജീവന പദ്ധതി (13-ാം ധനകാര്യ കമ്മീഷന്റെ ധനസഹായം)

(ഡി) നബാർഡിന്റെ അടിസ്ഥാന സൗകര്യ വികസനനിധിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നീർത്തടാടിസ്ഥാനത്തിലുള്ള മണ്ണു ജല സംരക്ഷണപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. ഈ സർക്കാരിന്റെ കാലയളവിൽ ആർ.ഐ.ഡി.എഫ്. 11-ാം ഘട്ടം മുതൽ 19-ാം ഘട്ടം വരെ 183 പദ്ധതികളിലായി 59.96 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ 56.96 കോടി രൂപ നബാർഡിന്റെ ധനസഹായവും 2.99 കോടി രൂപ സംസ്ഥാന സർക്കാർ വിഹിതവുമാണ്. ഇതുകൂടാതെ പ്രധാനമന്ത്രിയുടെ പ്രത്യേക പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിൽ നടന്നുവരുന്ന ചെക്ക് ഡാം പദ്ധതിക്ക് (ആർ.ഐ.ഡി.എഫ്. 16) 11 കോടി രൂപയുടെ നബാർഡ് ധനസഹായം ലഭിച്ചിട്ടുണ്ട്. ഇതിൽ 9.86 കോടി രൂപ നബാർഡ് വിഹിതവും 1.14 കോടി രൂപ സംസ്ഥാന വിഹിതവുമാണ്. ചെക്ക് ഡാം പദ്ധതിയിൽ നാളിതു വരെയായി 7.94 കോടി രൂപയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly